ഉത്തരം

(എ) 3 തസ്തികകൾ.

(ബി) ഉണ്ട്.

(സി&ഡി) ഓഫീസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്താൽ മാത്രമേ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി യോഗ്യതയുള്ള അസിസ്റ്റന്റ് ഡയറക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകാനാവൂ. ഓഫീസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്ത് കഴിഞ്ഞാൽ ഉടനടി ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉദ്യോഗക്കയറ്റം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നിയമസഭ പാസ്സാക്കിയ ആക്ടുകളുടെ മലയാള പരിഭാഷ

39 (2797) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം കേരള നിയമസഭ പാസ്സാക്കിയതും ഇംഗ്ലീഷ് ഭാഷയിലുള്ളതുമായ ഏതെല്ലാം ആക്ടുകളാണ് നിയമവകുപ്പ് നാളിതുവരെ മലയാളഭാഷയിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് ;

(ബി) ശേഷിച്ച ഏതെല്ലാം ആക്ടുകളാണ് മലയാളഭാഷയിൽ പ്രസിദ്ധീകരിക്കാനുള്ളത് ; വിശദവിവരം നൽകുമോ ;

(സി) മലയാളഭാഷ ഭരണഭാഷയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ എല്ലാ ഇംഗ്ലീഷ് ആക്ടുകളുടെയും മലയാള പരിഭാഷ ഉടൻ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 11-ാം കേരള നിയമസഭ പാസ്സാക്കി പ്രസിദ്ധീകരിച്ചതും ഇതുവരെ മലയാളത്തിൽ പരിഭാഷ നടത്തി പ്രസിദ്ധീകരിച്ചതുമായ ആക്ടുകളുടെ പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) പതിനൊന്നാം കേരള നിയമസഭ പാസ്സാക്കിയതും ഇംഗ്ലീഷ് ഭാഷയിലുള്ളതുമായ താഴെ പറയുന്ന ആക്ടുകൾ നിയമ (പരിഭാഷ) വകുപ്പ് മലയാള ഭാഷയിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. 2001-ലെ കേരള ധനകാര്യ ആക്ട് (2001-ലെ 7-ാം ആക്ട്)
2. 2001-ലെ കേരള അഭിഭാഷക ക്ഷേമ നിധി (ഭേദഗതി) ആക്ട് (2001-ലെ 8-ാം ആക്ട്)
3. 2001-ലെ സർവ്വകലാശാല നിയമങ്ങൾ (ദേഭഗതി) ആക്ട് (2001-ലെ 9-ാം ആക്ട്)

LIBRARY ARCHIVES Kerala Legislative Assembly

4. 2001-ലെ കേരള റോഡ് ഫണ്ട് ആക്ട് (2001-ലെ 10-ാം ആക്ട്)

5. 2001-ലെ കണ്ണൂർ സർവ്വകലാശാല (ദേഭഗതി) ആക്ട് (2001-ലെ 14-ാം ആക്ട്)

6. 2001-ലെ കേരള കാർഷിക സർവ്വകലാശാല (ദേഭഗതി) ആക്ട് (2001-ലെ 16-ാം ആക്ട്)

7. 2001-ലെ ഗുരുവായൂർ ദേവസ്വം(ദേഭഗതി) ആക്ട് (2001-ലെ 20-ാം ആക്ട്)

8. 2002-ലെ കേരള സഹകരണ സംഘം (ദേഭഗതി) ആക്ട് (2002-ലെ 3-ാം ആക്ട്)

9. 2002-ലെ കേരള പൊതുവിൽപ്പന നികുതി (ദേഭഗതി) ആക്ട് (2002-ലെ 4-ാം ആക്ട്)

10. 2002-ലെ കേരള വനിതാകമ്മീഷൻ (ദേഭഗതി) ആക്ട് (2002-ലെ 6-ാം ആക്ട്)

11. 2002-ലെ കേരള ധനകാര്യ ആക്ട് (2002-ലെ 7-ാം ആക്ട്)

12. 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്ട് (2002-ലെ 10-ാം ആക്ട്)

(ബി) ശേഷിച്ച ആക്ടുകളിൽ താഴെ കൊടുത്തിരിക്കുന്ന നാല് ആക്ടുകൾ വിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. 2003-ലെ അബ്കാരി (ദേഭഗതി) ആക്ട് (2003-ലെ 1-ാം ആക്ട്)

2. 2003-ലെ കേരള കോർട്ടു ഫീസും വ്യവഹാരസലയും(ദേഭഗതി) ആക്ട് (2003-ലെ 2-ാം ആക്ട്)

3. 2003-ലെ കേരള പൊതുവിൽപ്പന നികുതി (3-ാം ദേഭഗതി) ആക്ട് (2003-ലെ 7-ാം ആക്ട്)

4. 2003-ലെ കേരള പൊതുവിൽപ്പന നികുതി (2-ാം ദേഭഗതി) ആക്ട് (2003-ലെ 11-ാം ആക്ട്)

കൂടാതെ

1. 2003-ലെ കേരള പൊതുവിൽപ്പന നികുതി (3-ാം ദേഭഗതി) ആക്ട് (2003-ലെ 3-ാം ആക്ട്)

2. 2003-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ദേഭഗതി) ആക്ട് (2003-ലെ 4-ാം ആക്ട്) എന്നിവയുടെ മലയാള പരിഭാഷ പ്രസിദ്ധീകരണത്തിനായി സർക്കാർ പ്രസ്സിലേയ്ക്ക് 6-6-2003-ൽ അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ ആക്ടുകളുടേയും മലയാള പരിഭാഷ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) 11-ാം കേരള നിയമസഭ പാസ്സാക്കി പ്രസിദ്ധീകരിച്ചതും ഇതുവരെ മലയാളത്തിൽ പരിഭാഷ നടത്തി പ്രസിദ്ധീകരിച്ചതുമായ ആക്ടുകളുടെ പകർപ്പുകൾ ഇതോടൊപ്പം വയ്ക്കുന്നു.*

പബ്ലിക് നോട്ടറിമാരുടെ നിയമനം

40 (2798) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പബ്ലിക് നോട്ടറിമാരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) ഇപ്പോൾ കേരളത്തിൽ ആകെ എത്ര നോട്ടറിമാരാണ് ഉള്ളത് ;

(സി) പുതുതായി നോട്ടറിമാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 9-5-2001 മുതൽ നോട്ടറിമാരുടെ എണ്ണത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ ആകെ 787 നോട്ടറിമാരാണുള്ളത്.

(സി) ഉണ്ട്. 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ 8 (4എ) ചട്ടപ്രകാരം കേരള സർക്കാരിന് എല്ലാ ജില്ലകളിലും കൂടി നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം 375 മാത്രമാണ്. നോട്ടറിമാരുടെ എണ്ണം 375-ലേക്ക് കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ പുതുതായി നോട്ടറിമാരെ നിയമിക്കുവാൻ സാധിക്കുന്നില്ല.

ലീഗൽ അസിസ്റ്റന്റ് നിയമനത്തിന്റെ നടപടിക്രമങ്ങൾ

41 (2799) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(ബി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly